"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 07.07.2025 തീയതിയിലെ 8/1, 25.07.2025 തീയതിയിലെ 5/1 എന്നീ നമ്പർ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിന്റെ പരിഗണനയ്ക്കായി റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.സി)വകുപ്പ്**

സ.ഉ.(സാധാ) നം.410/2026/LSGD തീയതി,തിരുവനന്തപുരം, 17-02-2026

---

പരാമർശം:-

1. മൈലം ഗ്രാമപഞ്ചായത്തിന്റെ 07.07.2025 തീയതിയിലെ 8/1 നമ്പർ തീരുമാനം.
2. മൈലം ഗ്രാമപഞ്ചായത്തിന്റെ 25.07.2025 തീയതിയിലെ 5/1 നമ്പർ തീരുമാനം.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.11.2025-ലെ LSGD/PD/25984/2025-AR5 നമ്പർ കത്ത്.
4. സ.ഉ.(സാധാ)നം. 2953/2025/തസ്വഭവ തീയതി: 13.12.2025.
5. ബഹു. കേരള ഹൈക്കോടതിയുടെ WP(C)27864/2025 നമ്പർ കേസിലെ 09.01.2026-തീയതിയിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിലെ 20-ാം വാർഡിൽ പാറ ക്വാറിക്ക് ലൈസൻസ് ലഭിക്കുന്നതിന് കെ.ജി. അജികുമാർ എന്നവർ ആവശ്യമായ രേഖകൾ സഹിതം ഗ്രാമപഞ്ചായത്തിന്റെ അനുമതിയ്ക്കായി അപേക്ഷ സമർപ്പിക്കുകയുണ്ടായി. പാറഖനന പ്രദേശത്തിന് അടുത്തായി സ്ഥിതി ചെയ്യുന്ന ഇഞ്ചക്കാട് തിരുവേലിക്കോട് ശ്രീമഹാദേവർ ക്ഷേത്രഭാരവാഹികൾ നൽകിയ പരാതി പരിഗണിച്ചും ആയിരവല്ലി പാറയിൽ ടൂറിസം പദ്ധതി നടപ്പിലാക്കാൻ സർക്കാർ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നത് പരിഗണിച്ചും ടി വിഷയങ്ങളിൽ റിപ്പോർട്ട് നൽകുന്നതിനായി രൂപീകരിച്ച ഉപസമിതികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാറ ക്വാറിക്ക് ലൈസൻസ് നൽകേണ്ടതില്ലെന്ന് പരാമർശം 1 പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തു.

2) ആവശ്യമായ എല്ലാ രേഖകളും വകുപ്പുകളിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രങ്ങളും അനുമതികളും ലഭിച്ചിട്ടുള്ളതിനാൽ, ടി അപേക്ഷകന് ലൈസൻസ് നൽകണമെന്നും, പരാമർശം 1 തീരുമാനം പുനഃപരിശോധിക്കണമെന്നും പഞ്ചായത്ത് സെക്രട്ടറി അഭിപ്രായപ്പെട്ടു. എന്നാൽ മുൻ തീരുമാനത്തിൽ ഉറച്ചുനിൽക്കുന്നതായി പരാമർശം 2 പ്രകാരം ഭരണ സമിതി തീരുമാനമെടുത്തു. തുടർന്ന്, പഞ്ചായത്ത് സെക്രട്ടറി ടി വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി സർക്കാർ മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

3) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 232-ഉം അതേ തുടർന്നുള്ള ചട്ടങ്ങൾ പ്രകാരവും ക്വാറി ലൈസൻസ് അനുവദിക്കുന്നതിനായി ആവശ്യമായിട്ടുള്ള രേഖകൾ എല്ലാം ഹാജരാക്കിയിട്ടുള്ളതിനാൽ ലൈസൻസ് അനുവദിക്കേണ്ടതാണ്. വകുപ്പ് 233(3) പ്രകാരം സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, എത്രയും വേഗം, അനുവാദത്തിനായി അപേക്ഷിച്ചിരിക്കുന്ന ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ ജോലിസ്ഥലത്തിന്റെയോ സ്ഥാപിക്കലോ, യന്ത്രസാമഗ്രികളുടെയോ മാനുഫാക്ചറിംഗ് പ്ലാന്റിന്റെയോ സ്ഥാപിക്കലോ, പരിസരത്തെ ജനസാന്ദ്രത മൂലമോ ശല്യമോ മലിനീകരണമോ ഉണ്ടാക്കാനിടയുണ്ടെന്ന കാരണത്താലോ, ആക്ഷേപമുണ്ടെങ്കിൽ അന്വേഷണം നടത്തേണ്ടതും ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് ചെയ്യേണ്ടതും ഗ്രാമപഞ്ചായത്ത്, അപേക്ഷയും സെക്രട്ടറിയുടെയും (4)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള മറ്റ് അധികാരികളുടെയും റിപ്പോർട്ടുകൾ പരിഗണിച്ചതിനുശേഷം കഴിയുന്നതും വേഗം, എങ്ങനെയായിരുന്നാലും അപേക്ഷ കിട്ടിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ അതിന് യുക്തമെന്ന് തോന്നുന്ന മറ്റ് വ്യവസ്ഥകൾക്ക് വിധേയമായോ അനുവദിക്കേണ്ടതുമാണെന്നും ആയതിനാൽ മൈലം ഗ്രാമപഞ്ചായത്തിന്റെ 07.07.2025 ലെ 8/1 നമ്പർ തീരുമാനം, 25.07.2025 ലെ 5/1 തീരുമാനം എന്നിവ ചട്ട വിരുദ്ധമാണെന്ന് കാണുന്നുവെന്നും പരാമർശം 3 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മൈലം ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1), (2) തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും കേരള പഞ്ചായത്ത് രാജ് ചട്ടം 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കായി വിട്ടുകൊണ്ടും പരാമർശം 4 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

5) ഓംബുഡ്സ്മാന്റെ തസ്തിക നിലവിൽ ഒഴിഞ്ഞുകിടക്കുകയാണെന്നും പുതിയ ഓംബുഡ്സ്മാനെ നിയമിച്ചിട്ടില്ല എന്നും ഓംബുഡ്സ്മാൻ നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് ചട്ടം 191(2) പ്രകാരം, മേൽ വിഷയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന് കൈമാറാനും സർക്കാർ ഉത്തരവ് ലഭിച്ച് രണ്ട് ആഴ്ചയ്ക്കുള്ളിൽ ഈ മാറ്റം വരുത്തണമെന്നും തുടർന്ന്, ട്രൈബ്യൂണൽ ബന്ധപ്പെട്ട കക്ഷികളെ കേട്ട ശേഷം ഒരു മാസത്തിനുള്ളിൽ നിയമാനുസൃതമായി തീരുമാനമെടുക്കണമെന്നും ബഹു.ഹൈക്കോടതി പരാമർശം 5 പ്രകാരം ഉത്തരവായിട്ടുണ്ട്.

6) ബഹു.ഹൈക്കോടതിയുടെ പരാമർശം 5 ഉത്തരവ് പാലിച്ചുകൊണ്ട് മൈലം ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1), (2) തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും കേരള പഞ്ചായത്ത് രാജ് ചട്ടം 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിന്റെ പരിഗണനയ്ക്കായി വിട്ടുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി ഐ എ എസ്

സെക്രട്ടറി

സെക്രട്ടറി, ട്രൈബ്യൂണൽ ഫോർ ലോക്കൽ ബോഡീസ് , ശ്രീമൂലം ബിൽഡിങ്സ്, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖ കത്തും അനുബന്ധ രേഖകളും സഹിതം).
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, മൈലം ഗ്രാമപഞ്ചായത്ത്, മൈലം പി.ഒ., കൊട്ടാരക്കര.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പിആർഡി/വെബ് & ന്യൂമീഡിയ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.( LSGD-RC3/294/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by സെക്ഷൻ ഓഫീസർ
Pradeesh M.
Date: 17-02-2026 15:32:51